# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4416 28.06.2012 ൽ -മറുപടിക്ക്

## പ്രാദേശിക ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റികൾ

| | ചോദ്യം<br><br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീമതി കെ.എസ്. സലീഖ<br>'' പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ഉത്തരം<br><br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പ്രാദേശിക ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കുമോ; | (എ) | 30.06.2010 ലെ ജി.ഒ.(എം.എസ്) 20/10/ഭ.സി.സ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിലും 27.08.97 ലെ ജി.ഒ.(എം.എസ്)40/97/ഭ.സി.സ.വ. ഉത്തരവ് പ്രകാരം മുനിസിപ്പൽ / കോർപ്പറേഷൻ തലത്തിലും ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് തലത്തിൽ പൊതുവിതരണ സമ്പ്രദായം നന്നായും കാര്യക്ഷമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുക, ഗുണനിലവാരമുള്ള സാധനങ്ങൾ കൃത്യമായ അളവിലും, തൂക്കത്തിലും, കാർഡുടമകൾക്ക് ലഭ്യമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുക എന്നതാണ്, പഞ്ചായത്ത്തല ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ കൊണ്ട് ലക്ഷ്യമിടുന്നത്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ വാർഡ് മെമ്പർമാർ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഓരോ പ്രതിനിധി, റേഷനിംഗ് ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി, റവന്യു, ആരോഗ്യം, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളിലെ ഒരു പ്രതിനിധി, അംഗീകൃത ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, |

| | | | |
|---|---|---|---|
| | | | റേഷൻ വ്യാപാരി സംഘടനയുടെ പ്രതിനിധി എന്നിവർ ഉൾപ്പെടുന്നതാണ് സമിതിയുടെ ഘടന. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരാൻ നിർദ്ദേശിച്ചിട്ടുണ്ട്. മുനിസിപ്പൽ/ കോർപ്പറേഷൻതല ഭക്ഷ്യോപദേശക വിജിലൻസ് സമിതിയിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടിയുടെയും ഒരു പ്രതിനിധി വീതം, ഉപഭോക്തൃ സംരക്ഷണ സംഘടനകളുടെ ഒരു പ്രതിനിധി, പ്രാദേശിക എം.പി., എം.എൽ.എ., മേയർ/മുനിസിപ്പൽ ചെയർമാൻ, അതത് ഡിവിഷനിലെ ഓരോ കൗൺസിലർ വീതം, പ്രസ്സ് ക്ലബ് പ്രതിനിധി, വ്യാപാരി വ്യവസായി സമിതിയിലെയും റേഷൻ ഡീലേഴ്സിലെയും ഓരോ പ്രതിനിധി വീതം കോർപ്പറേഷൻ / മുനിസിപ്പാലിറ്റിയിലെ സെക്രട്ടറി, ഒരു വനിത സാമൂഹിക പ്രവർത്തക, പട്ടികജാതി/പട്ടികവർഗ്ഗത്തിലെ ഒരു പ്രതിനിധി, വിദ്യാർത്ഥി, യുവജന, തൊഴിലാളി വിഭാഗത്തിൽ നിന്നും ഓരോ പ്രതിനിധി വീതം, അതത് റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ ഉൾപ്പെടുന്നതാണ് ഘടന, മാസത്തിലൊരിക്കൽ ഈ സമിതി യോഗം ചേരേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത സമിതികൾ രൂപീകരിക്കുമെന്ന് സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; | (ബി) | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഇത് സംസ്ഥാനത്ത് എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പ്രാദേശിക ഭക്ഷ്യ ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത് രണ്ട് മാസത്തിലൊരിക്കൽ കമ്മിറ്റി കൂടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ